ഒരു താടിയെല്ലിന്റെ കഥ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

പശ്ചിമജർമ്മനിയിലെ ഹീഡൽബർഗ്ഗ് പട്ടണത്തിന്റെ അയലത്തുള്ള മഫ്ഗർ നാട്ടിൻപുറം. അവിടത്തെ ആൾത്തിരക്കില്ലാത്ത ഒരു മദ്യശാല. സമയം സന്ധ്യകഴിഞ്ഞിരിക്കുന്നു. കുടിയിലേർപ്പെട്ടിരുന്ന കുറെ തൊഴിലാളികൾ. ചിലരെ ഒഴിവാക്കിയാൽ, ലഹരിക്ക് അടിപെടാത്തവരാണ് കൂടുതൽ. എന്നാൽ എല്ലാവരും മദ്യം നൽകിയ ചിറകു വിടർത്താനെത്തിനിൽക്കുന്നവർതന്നെ. അമിത വാചാലത അതാണ്, സൂചിപ്പിക്കുന്നത്. ഉള്ളതും ഇല്ലാത്തതും, സ്വകാര്യവും നാട്ടു വർത്തമാനങ്ങളും, നാടൻ സുന്ദരിമാരെക്കുറിച്ചുള്ള കിംവദന്തികളുമെല്ലാം സംഭാഷണത്തിനു വിഷയമാണ്!

അല്പം ഒഴിഞ്ഞ ഒരു കോണിലാണ് ഡാനിയൽ ഹാർട്ടമാൻ ഇരിക്കുന്നത്. അല്പാല്പംമദ്യം, പാനപാത്രത്തിൽനിന്നു മോന്തിക്കൊണ്ട് മിണ്ടാതിരിക്കുകയായിരുന്നു കുറെ നേരമായിട്ട്. മററുള്ളവരുടെ സംഭാഷണത്തിനും മററും ചൂടു കൂടിയപ്പോൾ, മൗനം തുടരുന്നതിലർത്ഥമില്ലെന്നു തോന്നി.

“ഇതാ! ഒരു വിശേഷം!”—ഹാർട്ടമാൻ മേശമേൽ കയ്യടിച്ചു ശബ്ദമുണ്ടാക്കിയിട്ടു പറഞ്ഞു. “നിങ്ങളൊക്കെ അറിഞ്ഞോളിൻ!”

രംഗം ഒരു നിമിഷം ശാന്തമായി. എല്ലാ കണ്ണുകളും ഹാർട്ടമാനിന്റെ മേൽതന്നെ.

“ആദമിനെ ഞാൻ കണ്ടെത്തി!”—ഗൗരവം വിടാതെ അയാൾ പറഞ്ഞു.-“ഇന്ന് ഉച്ചകഴിഞ്ഞ്!”

“ഓഹോ! നല്ല വിശേഷം!” ലഹരിക്കു വിധേയനായ ഒരാൾ പറഞ്ഞിട്ട് ഉറക്കെ ചിരിക്കാൻ തുടങ്ങി!

“എന്താ ചങ്ങാതി! ഹാർട്ടമാനിന്റെ വിട്ടിലായിരുന്നു, ആദത്തിന് ഇന്നു ലഞ്ച്!”—കൂട്ടച്ചിരി!

“ആദമിനെ കണ്ടെത്തിയതു നേരാണ്.”-ഹാർട്ടമാൻ ഒട്ടും വിട്ടുകൊടുത്തില്ല. താഴെ വച്ചിരുന്ന സഞ്ചിയെടുത്ത് അയാൾ മേശപ്പുറത്തുവച്ചു.

“കുറച്ചുകൂടി അകത്താകുമ്പോൾ, ഈവിനയും കാണും!”— അടുത്തിരുന്ന ഒരാൾ നിസ്സംഗതയോടെ തട്ടിവിട്ടു. മററുള്ളവർ ഉറക്കെ ചിരിച്ചു.

“കളിയല്ല! കാര്യമാണ്!” ഹാർട്ടമാൻ വിട്ടില്ല. “സംശയമുള്ളവർ ഇതാ ഇവിടെ നോക്കുവിൻ!”— മേശമേൽ വച്ച സഞ്ചിയിൽ കയ്യിട്ടുകൊണ്ടാണ് അയാൾ സംസാരിച്ചത്. മാജിക്കുകാരൻ സഞ്ചിയിൽനിന്ന് പ്രാവിനെയെടുക്കുന്നതുപോലെ, വളരെ കാര്യഗൗരവത്തോടെ അതിന്റെ ഉള്ളിൽനിന്ന് ഒരു താടിയെല്ലെടുത്തു പുറത്തുവച്ചു!

രംഗം പെട്ടെന്ന്, ശാന്തമായി. എല്ലാവരും മേശമേലിരിക്കുന്ന താടിയെല്ലിൽ വിസ്മയത്തോടെ നോക്കി.

സാമാന്യം വലിപ്പമുള്ള ഒരു താടിയെല്ല്! നിറം അല്പം മങ്ങിയിട്ടുണ്ട്, മണ്ണുമഴുക്കും പുരണ്ടിരിക്കുന്നതുകൊണ്ട്. മുകളിലത്തെ ദന്തനിരയ്ക്ക് കേടൊന്നുമില്ല. അവരെ നോക്കി ഇളിഭ്യച്ചിരി പാസാക്കുകയാണോ അത്?

“ഇത് ഇന്നുച്ചയ്ക്ക് എനിക്കു കിട്ടിയതാണ്, ആദാമിന്റെ താടിയെല്ല്!” ഹാർട്ടമാൻ ആധികാരിക പ്രഖ്യാപനം നടത്തുന്നമാതിരിയാണു സംസാരിച്ചത് - “മണൽക്കുഴിയിൽനിന്ന് കണ്ടെടുത്തു!”

എല്ലാവരും ഡാനിയൽ ഹാർട്ടമാന്റെ ആധികാരികത്വം അംഗീകരിക്കുന്ന മട്ടിൽ നിശ്ശബ്ദരായി, താടിയെല്ലിലേക്കു നോക്കിയിരുന്നു. പലർക്കും ഭയം തോന്നി. മനുഷ്യന്റെ നശ്വരതയുടെ ചിഹ്നമായിട്ട്, ഇളിച്ചുകൊണ്ടിരിക്കുന്ന താടിയെല്ല്!

1907 ഒക്ടോബർ 21-ാംതീയതി നടന്ന രംഗമാണ് മേൽ കാണിച്ചത്.

നീക്കർ നദിക്കരയിലുള്ള, ഒരു നാട്ടിൻപുറമാണ് മഫ്ഗർ. ഹീൽഡൻ ബർഗ്ഗിന്റെ അയലത്തുള്ള ഗ്രാമം. അവിടെ മണ്ണേറിക്കിടന്നിരുന്ന ഒരു സങ്കേതമുണ്ട്. പണിചെയ്തിരുന്ന വേലക്കാർക്ക് പ്രാചീന ജന്തുക്കളുടെ അവശിഷ്ടങ്ങളും മററും പലപ്പോഴും കിട്ടിയിട്ടുണ്ട്. കാണ്ടാമൃഗം, കാരപ്പല്ലൻ കടുവ, കാട്ടുപോത്ത്, കഴുതപ്പുലി, വലിയ കലമാൻ തുടങ്ങിയ ജന്തുക്കളുടെ അവശിഷ്ടങ്ങൾ ആ പ്രദേശങ്ങളിൽ പലയിടത്തുംനിന്ന് കിട്ടിയിരുന്നു. സിംഹത്തിന്റെയും നാൽക്കൊമ്പനാനയുടെയും ദന്താവശിഷ്ടങ്ങൾവരെ ലഭ്യമായിട്ടുണ്ട്. പ്രാചീനമനുഷ്യ സമാന ജന്തുക്കളും ഇവിടങ്ങളിലുണ്ടായിരുന്നിരിക്കുമെന്ന് ശാസ്ത്രകാരന്മാർ കരുതി. വലിയ ഹിമയുഗത്തിന്റെ ആരംഭകാലത്തുള്ള ജീവജാലങ്ങളുടെ അവശിഷ്ടങ്ങളാണ് കിട്ടിയവയിൽ ഒട്ടുമുക്കാലും!

ശാസ്ത്രജ്ഞന്മാർ പശ്ചിമജർമ്മനിയിലെ ഈ പ്രദേശത്തിലേക്ക് ശ്രദ്ധിക്കുവാൻ തയ്യാറായത് സ്വാഭാവികം മാത്രമാണല്ലോ. അവരിൽ ഒരാളാണ് ഡാ: ഓട്ടോ ഷൂട്ടൻസാക്. മഫ്ഗറിലെ മൺപണിക്കാർ ജാഗ്രതയോടെയിരിക്കണമെന്നും, മനുഷ്യാവശിഷ്ടങ്ങൾ വല്ലതും അവരുടെ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം ഉടനെ അറിയിക്കണമെന്നും അദ്ദേഹം ഏർപ്പാടു ചെയ്തു.

ചാറൽസ് ഡാർവിന്റെ പരിണാമവാദവും മനുഷ്യാവിർഭാവ സിദ്ധാന്തങ്ങളും കോളിളക്കം സൃഷ്ടിച്ചകാലം. പ്രസിദ്ധജർമ്മൻ ശാസ്ത്രജ്ഞൻ ഹെയ്ക്കൽ അതിന്റെ അനുകൂലിയും ശക്തനായ വൈതാളികനുമായിരുന്നു. തെക്കു കിഴക്കൻ ഏഷ്യയിലെവിടെയെങ്കിലും മനുഷ്യന്റെ പൂർവ:കരെന്നു പറയാവുന്ന ജന്തുക്കളുടെ അവശിഷ്ടങ്ങൾ കണ്ടെത്താൻ സാദ്ധ്യതയുണ്ടെന്ന് അന്നു പലരും വിശ്വസിച്ചു. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചയാളായിരുന്നു യൂജീൻ ഡ്യൂബോ 1891-ൽ ജാവായിൽനിന്ന് വാനരസമാനനായ മാനവപൂർവികന്റെ അവശിഷ്ടങ്ങൾ അദ്ദേഹം കണ്ടെത്തിയപ്പോൾ, മനുഷ്യ പരിണാമ ചരിത്രത്തിലെ ഒരു മുഖ്യമായ നാഴികക്കല്ല് നാട്ടുകയും ചെയ്തു. ജാവാ മനുഷ്യനെന്നു വിവക്ഷിക്കാറുള്ള പിതെക്കാൻത്രോപ്പസ് ഇറക്ടസ് ഒരു പ്രത്യേക കാലഘട്ടത്തിലെ മനുഷ്യ പരിണാമത്തിന്റെ പ്രതിനിധിയായി. ഈ വിധത്തിലുള്ള അവശിഷ്ടങ്ങൾ തേടിപ്പിടിക്കുവാനുള്ള ശക്തമായ പ്രേരണയും അതു നൽകി. ഇതാണ് ഡാ: ഷൂട്ടൻ സാക്കിന്റെ നിർദ്ദേശത്തിന്റെ പശ്ചാത്തലം.

നീക്കർനദിക്കരയിലെമൺകുഴിയിൽ വേല ചെയ്തുകൊണ്ടിരുന്ന ഹാർട്ടമാന്റെ മൺവെട്ടി പുറത്തുതള്ളിയ മണ്ണിൽ, രണ്ടായി പൊട്ടിയ ഒരു താടിയെല്ലുണ്ടായിരുന്നു. അതു താല്പര്യത്തോടെയെടുത്ത് അയാൾ സൂക്ഷിച്ചുവച്ചു. മൺവെട്ടിയുടെ ഊക്കുകൊണ്ട് രണ്ടായിപൊട്ടിയെന്നല്ലാതെ മററു കേടുപാടൊന്നും അതിനുണ്ടായില്ല. രണ്ടു ഭാഗങ്ങൾ കൂട്ടിക്കെട്ടിവയ്ക്കുവാൻ വിഷമവുമുണ്ടായില്ല.

അന്നു സായാഹ്നത്തിൽ തന്നെ ഹാർട്ടമാൻ തനിക്ക് ഒരു താടിയെല്ലു കിട്ടിയകാര്യം ഡാ: ഷൂട്ടൻസാക്കിനെ അറിയിക്കാൻ കമ്പിയടിച്ചു. തുടർന്ന് സന്തോഷം പൂർത്തിയാക്കുവാൻ മദ്യശാലയിലേക്കു പോയി. താടിയെല്ല് ഭദ്രമായി കെട്ടിയ സഞ്ചി കയ്യിൽ തന്നെവച്ചു. ഷുട്ടൻസാക്കിനെ ഏല്പിക്കുന്നതുവരെ അങ്ങിനെ ചെയ്യുന്നതാണുത്തമമെന്ന് അയാൾ കരുതി. ആ താടിയെല്ല്, ആദത്തിന്റെതുതന്നെയാണെന്നത്രേ ഹാർട്ടമാൻ വിശ്വസിച്ചത്; അതുകൊണ്ട് പവിത്രതയും പ്രാധാന്യവുമുണ്ട്.

കമ്പി കിട്ടിയപ്പോൾ തിരക്കുപിടിച്ച് യാത്രചെയ്ത് ഡാ: ഷുട്ടൻസാക്ക് മഫ്ഗറിലെത്തി ഹാർട്ടമാനെ കണ്ടു. അന്നു തന്നെ താടിയെല്ല് ഏററുവാങ്ങുകയും ചെയ്തു. അതിനു പ്രതിഫലമെന്തെങ്കിലും ഹാർട്ടമാൻ സ്വീകരിച്ചോ എന്നറിവില്ല.

ഡാ: ഷുട്ടൻ സാക്കിന്റെയും മററു വിദഗ്ദ്ധരുടെയും പഠനവും പരിശോധനയും തെളിയിച്ചത് ആ താടിയെല്ല് ഏതാണ്ട് 500,000 വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന മനുഷ്യമുൻഗാമിയുടേതാണെന്നത്രെ. ഹോമോ ഹീഡൽ ബർഗ്ഗെൻസിസ് എന്നാണ് അതിനു പേരിട്ടത്! യൂറോപ്യൻ പ്രദേശത്തുനിന്നു കിട്ടിയ ഏററവും പ്രാചീനമായ മാനവ പൂർവീകാവശിഷ്ടമായിട്ടാണതിനെ അംഗീകരിച്ചിരിക്കുന്നത്. ഡാർവിന്റെ മനുഷ്യാവിർഭാവ വാദത്തിന് അതു ശക്തമായ താങ്ങായി വർത്തിച്ചിട്ടുമുണ്ട്.

നാട്ടിൻപുറത്തെ പ്രധാന ദിവ്യനായിത്തീരുവാൻ ഡാനിയൽ ഹാർട്ടമാനു കാത്തിരിക്കേണ്ടിവന്നില്ല. ഗ്രാമത്തിലെവിടെയും മാന്യത സിദ്ധിച്ചു. അയാൾമൂലം അവരുടെ ഗ്രാമം ലോകപ്രസിദ്ധമായല്ലോ! 1948-ൽ തൊണ്ണൂററിമൂന്നാമത്തെ പിറന്നാളാഘോഷിച്ചപ്പോൾ നന്ദിയുള്ള നാട്ടിൻപുറത്തുകാർ, ഗ്രാമത്തിലെ “സ്വതന്ത്ര പൗരൻ” പട്ടം നൽകി! 1952-ലാണ് അയാൾ അന്തരിച്ചത്. അയാളുടെ ശവകുടീരത്തിലെ ഫലകത്തിൽ, ഹാർട്ട്മാന്റെ വിശ്വവിഖ്യാതമായ നേട്ടത്തെക്കുറിച്ചു മാത്രമേ രേഖപ്പെടുത്തിയുള്ളു. ഗ്രാമത്തിലെ ഒരു രാജപാത ഇന്നു വഹിക്കുന്നത് ഹാർട്ട്മാന്റെ നാമധേയമാണ്.

പൂർവ്വികനെ തേടിയുള്ള മനുഷ്യന്റെ അന്വേഷണത്തിലെ മുഖ്യ നാഴികക്കല്ലുകളാണ് ജാവയിലും പീക്കിംഗിലും, തങ്കനിക്കയിലും പൂർവ്വികന്മാരുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയ സ്ഥലങ്ങളിൽ നാട്ടിയിരിക്കുന്നത്. പിതെക്കാൻത്രോപ്പസ് ഇറക്ടസ് കുറഞ്ഞത് 400,000–600,000 സംവൽസരങ്ങൾക്കു മുമ്പ് ഭൂതലത്തിലുണ്ടായിരുന്നു എന്നാണ് ഇന്നത്തെ അനുമാനം. അതിനുശേഷം 100,000 വർഷങ്ങൾക്കുശേഷമുള്ള മാനവ പൂർവ്വിക മാതൃകയാണത്രേ “ഹീഡൽ ബർഗ്ഗ് മനുഷ്യൻ”. പ്രൊ: ലീക്കിയും സഹധർമ്മിണിയും നടത്തിയ നിരന്തരമായ അന്വേഷണങ്ങളുടെ ഫലമായി തങ്കനിക്കൻ പ്രദേശത്തുള്ള ഓൾഡുവേ മലയിടുക്കിലൊരിടത്തുനിന്ന് മനുഷ്യ സാദൃശ്യം സാമാന്യമായുള്ള ഒരു ജന്തുവിന്റെ അവശിഷ്ടം കണ്ടെടുത്തു. 17,50,000 വർഷങ്ങളെങ്കിലും പഴക്കമുള്ളതെന്നു നിർണ്ണയിച്ചിട്ടുള്ള അതിനെ സിൻജാൻത്രോപ്പസ് എന്നാ[illegible] വിവക്ഷിച്ചുവരുന്നത്. ഹോമോ ഇ[illegible]ക്ടസ് എന്നതിന്റെ കൂട്ടത്തിലാണ് ഹീഡൽ ബർഗ്ഗ് മനുഷ്യനെയും ചേർത്തിരിക്കുന്നത്. അതിൽനിന്നു ഭിന്നമായ ഒരു ശാഖയത്രേ ആധുനിക മനുഷ്യന്റേത്. ഇവരെ ബന്ധിപ്പിക്കുന്ന കണ്ണിയുടെ കാര്യത്തിൽ നിർണ്ണായകമായ തെളിവ് ഇനിയും കിട്ടിയതായി ആരും കരുതുന്നില്ല.